(ഡി) ദേശീയപാതയാക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിബന്ധന സംസ്ഥാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

(ബി & സി) കോഴിക്കോട്-ചെറുപ്പ- നിലമ്പൂർ - ഗൂഢല്ലൂർ റോഡ് ഉൾപ്പെടെ സംസ്ഥാനത്തെ ഏഴ് പ്രധാന റോഡുകൾ ദേശീയപാതകളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) സംസ്ഥാന സർക്കാർ പ്രത്യേക നിബന്ധനകളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടി

19 (*469) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എത്ര ഏക്കർ വനപ്രദേശം ഇതിനായി സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) സംരക്ഷിത മേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ; കടുവ സംരക്ഷിത മേഖലയിൽ എത്ര കടുവകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതിക്കായി എത്രകോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) പറമ്പിക്കുളം വന്യജീവി സങ്കേതത്തിന്റെ 235 ച.കി.മി. സ്ഥലം കോർ അഥവാ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റ് ആയി 31-12-2007 ലെ ജി.ഒ.(പി) നമ്പർ 75/2007/F&WLD പ്രകാരം പ്രഖ്യാപിച്ചിരുന്നു. ഇതിനെ തുടർന്ന് ഈ പ്രദേശം ഒരു കടുവാ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി കടുവാ സങ്കേതവുമായി ബന്ധപ്പെട്ട് കോർ ബഫർ ഏരിയകൾ കണ്ടെത്തുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 155.89 ച.കി.മി. സ്ഥലങ്ങൾ കൂടി പുതുതായി ഉൾപ്പെടുത്തി ആകെ 390.89 ച.കി.മി. സ്ഥലം കോർ ഏരിയയായും കോർ ഏരിയയുടെ സമീപത്തുള്ള 252.77 ച.കി.മി. സ്ഥലം ബഫർ ഏരിയയായും 17-12-2009-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ആകെ 643.992 ച.കി.മി. വിസ്തീർണ്ണമുള്ള പറമ്പിക്കുളം കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം 19-2-2010-ൽ ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി നിർവ്വഹിച്ചു.

(ബി) ഈ കേന്ദ്രത്തിന്റെ മൊത്തം വിസ്തൃതി 643.662 ച.കി.മി. ആണ്. ഇതിൽ 285 ച.കി.മി. (70423 ഏക്കർ) പ്രദേശം നോട്ടിഫൈഡ് സംരക്ഷിത മേഖലയാണ്.

(സി) ഉണ്ട്.

(ഡി) ഈ സങ്കേതത്തിലെ കുരിയാർകുട്ടി ട്രൈബൽ കോളനിയിലെ 174 അംഗങ്ങളടങ്ങുന്ന 118 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ 11.8 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ 2009-ൽ നടത്തിയ കണക്കെടുപ്പ് അനുസരിച്ച് ഈ പ്രദേശത്ത് 8 മുതൽ 15 വരെ കടുവകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ഇ) മേൽപ്പറഞ്ഞ പുനരധിവാസ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ക്ഷേമനിധി പെൻഷൻ

20 (*470) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏജന്റുമാർക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്ത് കഴിഞ്ഞ വർഷം ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly